# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു., തീയതി: 28.10.2020

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാ മാറ്റിവച്ചു**

03.11.2020 ന് ആരംഭിക്കാനിരുന്ന അഫീലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും **രണ്ടാം** സെമസ്റ്റർ **എം. ബി. എ.** ഡിഗ്രി റെഗുലർ/ സപ്ലിമെന്ററി (ഏപ്രിൽ 2020) പരീക്ഷകൾ **16.11.2020** ന് ആരംഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. **ഇന്റേണൽ മാർക്ക്** സമർപ്പിക്കുന്നതിനുള്ള ലിങ്ക് പരീക്ഷ ആരംഭിക്കുന്ന തീയതി മുതൽ ലഭ്യമാകും.

**പരീക്ഷാഫലം**

**ബി. കോം. അഡീഷണൽ കോ-ഓപ്പറേഷൻ** (മാർച്ച്/ഏപ്രിൽ 2020) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനഃപരിശോധനക്ക് **11.11.2020** വരെ അപേക്ഷിക്കാം. മാർക്ക് ലിസ്റ്റുകൾ **06.11.2020** ന് **12:30** മുതൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

**ഹോൾടിക്കറ്റ്**

03.11.2020 ന് ആരംഭിക്കുന്ന **ഒന്നാം** വർഷ **അഫ്സൽ-ഉൽ ഉലമ-പ്രിലിമിനറി** (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്- വിദൂര വിദ്യാഭ്യാസം ഉൾപ്പെടെ) പരീക്ഷയുടെ ഹാൾടിക്കറ്റുകൾ **30.10.2020** മുതൽ സർവകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഹാൾടിക്കറ്റിൽ രേഖപ്പെടുത്തിയ കേന്ദ്രങ്ങളിൽ തന്നെ പരീക്ഷക്ക് ഹാജരാകണം. ഹാൾടിക്കറ്റിൽ ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്യണം. അറസ്റ്റ് ചെയ്യാൻ ബുദ്ധിമുട്ടുള്ളവർക്ക് ഹാൾ ടിക്കറ്റിനോടൊപ്പം ഫോട്ടോ പതിച്ച ഏതെങ്കിലും ഗവ. അംഗീകൃത ഒറിജിനൽ തിരിച്ചറിയൽ കാർഡുമായി പരീക്ഷക്ക് ഹാജരാകാം.
സപ്ലിമെന്ററിയായി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളും ഒന്നാം വർഷ പരീക്ഷക്കുള്ള ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത്, ഹാൾടിക്കറ്റിൽ പറഞ്ഞിരിക്കുന്ന സെന്ററിൽ തന്നെ പരീക്ഷക്ക് ഹാജരാകണം.

**വാചാപരീക്ഷ**

**രണ്ടാം** വർഷ **എം. കോം.** (വിദൂരവിദ്യാഭ്യാസം – സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) ജൂൺ 2020 വാചാപരീക്ഷ 06.11.2020 ന് താവക്കര ക്യാംപസിലെ യു. ജി. സി. ഹ്യൂമൻ റിസോഴ്സ് ഡിവെലപ്മെന്റ് സെന്ററിൽ വച്ച് കോവിഡ് – 19 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടക്കും. രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർഥികളും സമയക്രമം പാലിച്ച് താവക്കര സർവ്വകലാശാലാ ക്യാമ്പസ്സിൽ ഹാജരാകണം. സർവകലാശാലാ വെബ്സൈറ്റിൽ നൽകിയ പ്രായോഗിക/വാചാ പരീക്ഷാ നടത്തിപ്പിനുള്ള നിർദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

**ഒപ്പ്/-**
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**